**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2105** **11.02.2020 -ൽ മറുപടിക്ക്**

**ഇ- ഹെൽത്ത് സംവിധാനം**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. പി.ടി. തോമസ്** | **കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | പ്രാഥമിക ആരോഗ്യ കേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെയുള്ള മുഴുവൻ സർക്കാർ ആശുപത്രികളിലും ഇ-ഹെൽത്ത് സംവിധാനം ഏർപ്പെടുത്തുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | പ്രാവർത്തികമാക്കി വരുന്നു. തിരുവനന്തപുരം ജില്ലയിൽ പ്രാഥമികാരോഗ്യകേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെയുള്ള വിവിധ ശ്രേണിയിൽപ്പെട്ട തെരഞ്ഞെടുക്കപ്പെട്ട 13 ആശുപത്രികളിലാണ് ഇ-ഹെൽത്ത് പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കി തുടങ്ങിയതെങ്കിലും നിലവിൽ വിവിധ ജില്ലകളിലായി 90 ആശുപത്രികളിൽ ഇ-ഹെൽത്ത് പ്രവർത്തിച്ചു വരുന്നുണ്ട് **(വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു).** ഇതിൽ തിരുവനന്തപുരം ജില്ലയിൽ മാത്രം 22 ആശുപത്രികൾ പൂർണ്ണമായും കടലാസ്സ് രഹിതമായാണ് പ്രവർത്തിക്കുന്നത് **(വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു).** തിരുവനന്തപുരം ജില്ലയിലെ ശേഷിക്കുന്ന 83 സർക്കാർ ആശുപത്രികളിൽ 26 എണ്ണത്തിൽ ഇ-ഹെൽത്തിനു വേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിക്കഴിഞ്ഞിട്ടുണ്ട് **(വിശദാംശങ്ങൾ അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു).** സംസ്ഥാനത്തൊട്ടാകെ ആർദ്രം പദ്ധതിയിൽപ്പെടുത്തി വികസിപ്പിച്ചിട്ടുള്ള 170 കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയാണ്. ഇതിൽ ചില ആശുപത്രികെട്ടിടങ്ങൾ വെള്ളപ്പൊക്കത്തിൽ തകർന്നുപോയതിനെ തുടർന്ന് പുനർനിർമ്മാണം നടന്നു |

| | | | | |
|---|---|---|---|---|
| | | | | വരുന്നതിനാലും, ചില ആശുപത്രികളിൽ പുതിയ കെട്ടിടങ്ങൾ നിർമ്മിച്ച് വരുന്നതിനാലും അത്തരം സ്ഥാപനങ്ങളിൽ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നതിന് തടസ്സം നേരിടുന്നുണ്ട്. ഇതിനു പകരമായി അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായ മറ്റ് ആശുപത്രികളിൽ ഇ-ഹെൽത്ത് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട് **(വിശദാംശങ്ങൾ അനുബന്ധം 4 ആയി ചേർത്തിരിക്കുന്നു).** നിർമ്മാണ ജോലികൾ നടന്നുവരുന്നതിനാൽ താൽക്കാലികമായി ഒഴിവാക്കപ്പെട്ട ആശുപത്രികളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നതാണ്. ഓരോ ആശുപത്രിക്കും പ്രത്യേകമായി ലോക്കൽ ഏരിയ നെറ്റ്‌വർക്ക് , തടസ്സ രഹിത വൈദ്യുതി ലഭ്യത ഉറപ്പാക്കുന്നതിനുള്ള യു.പി.എസ്., സമർപ്പിത ബ്രോഡ്ബാൻഡ് ബന്ധം, അത്യന്താധുനിക കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഉൾപ്പെടെ സ്ഥാപിക്കേണ്ടി വരുന്നതിനാൽ ആശുപത്രികളുടെ നിലവാരത്തിനും ഘടനയ്ക്കും അനുസരിച്ച് ഭാരിച്ച സാമ്പത്തിക ബാധ്യതയാണുള്ളത്. ഒരിക്കൽ സ്ഥാപിക്കപ്പെട്ട ഇ-ഹെൽത്ത് സംവിധാനങ്ങൾ ചെറിയ ഒരിടവേളയ്ക്ക് ശേഷം മാറ്റിസ്ഥാപിക്കാനോ പൂർണ്ണമായി ഒഴിവാക്കി പുതിയവ സ്ഥാപിക്കാനോ ശ്രമിച്ചാൽ ഉണ്ടാകുന്ന നഷ്ടം കണക്കിലെടുത്ത് കരുതലോടെയുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. മതിയായ അടിസ്ഥാന ഭൗതിക സാഹചര്യങ്ങൾ സജ്ജമാക്കിയിട്ടുള്ള 128 ആശുപത്രികളിൽ കൂടി ഉടൻ ഇ-ഹെൽത്ത് പദ്ധതി പ്രാവർത്തികമാകുന്നതാണ് **(വിശദാംശങ്ങൾ അനുബന്ധം 5 ആയി ചേർത്തിരിക്കുന്നു)**. ഇതിനു പുറമേ 301 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ കൂടി ഇ-ഹെൽത്ത് പദ്ധതിക്കു വേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനു ടെണ്ടർ നടപടികൾ പൂർത്തിയായി വരുന്നു. കൊല്ലം ജില്ലയിലെ പാരിപ്പള്ളി മെഡിക്കൽ കോളേജിലും കോട്ടയം മെഡിക്കൽ കോളേജിലും ഒ.പി. വിഭാഗത്തിൽ ഇ-ഹെൽത്ത് പദ്ധതി |

| | | | |
|---|---|---|---|
| | | | പ്രവർത്തിച്ചുവരുന്നുണ്ട്. ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, മഞ്ചേരി മെഡിക്കൽ കോളേജുകളിലെ ഒ.പി. വിഭാഗങ്ങളിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി രോഗീസൗഹൃദമായി വികസിപ്പിച്ചിട്ടുള്ള ഒ.പി. വിഭാഗത്തിൽ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്ന നടപടി അന്തിമ ഘട്ടത്തിലാണ്. തിരുവനന്തപുരം, ആലപ്പുഴ, മഞ്ചേരി മെഡിക്കൽ കോളേജുകളിൽ ഐ.പി. വിഭാഗത്തിൽകൂടി ഇ-ഹെൽത്ത് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സർക്കാർ മെഡിക്കൽ കോളേജിന്റെ പട്ടികയിൽ പുതിയതായി ഉൾപ്പെട്ട കണ്ണൂർ മെഡിക്കൽ കോളേജിൽ ഇ-ഹെൽത്ത് പദ്ധതി പൂർണ്ണ തോതിൽ നടപ്പിലാക്കുന്നതിന് 7.09 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് **(വിശദാംശങ്ങൾ അനുബന്ധം 6 ആയി ചേർത്തിരിക്കുന്നു).** ആയതിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയായി വരുന്നു. |
| (ബി) | ഇ-ഹെൽത്ത് സംവിധാനം ഏർപ്പെടുത്തിയ ആശുപത്രികളിൽ ഇതുമൂലം ഉണ്ടായിട്ടുള്ള മാറ്റങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (ബി) | ആധാർ അടിസ്ഥാനപ്പെടുത്തി കേരളത്തിലെ ഗ്രാമീണ ജനങ്ങളുടെ താമസ സ്ഥലവുമായി ബന്ധപ്പെടുത്തിയുള്ള അടിസ്ഥാന വിവര ശേഖരണത്തിന് പരിശീലനം സിദ്ധിച്ച 9500 ആരോഗ്യ പ്രവർത്തകർക്ക് ഓരോ ടാബ് ലെറ്റ് കംപ്യൂട്ടറും മതിയായ പരിശീലനവും നൽകി നടത്തിയ സർവ്വെയിലൂടെ 2.58 കോടി ജനങ്ങളെ സംബന്ധിച്ച വിവരങ്ങൾ ഇതിനകം ശേഖരിച്ചു കഴിഞ്ഞിട്ടുണ്ട്. ഇതിനെ അടിസ്ഥാനപ്പെടുത്തി ഓരോ വ്യക്തിയും സർക്കാർ ആശുപത്രിയിൽ ചികിത്സ തേടുന്ന മുറയ്ക്ക് ഒരു വ്യതിരക്ത തിരിച്ചറിയൽ നമ്പർ നൽകുന്നു. ഒരു വ്യക്തിക്ക് ഒരു Electronic Medical Record (E.M.R) എന്ന പ്രഖ്യാപിത ലക്ഷ്യം മുൻനിർത്തി ജനങ്ങളുടെ Electronic Health Record (E.H.R) സൃഷ്ടിക്കപ്പെടും എന്നതും ശ്രദ്ധേയമാണ്. ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിയിട്ടുള്ള സർക്കാർ ആശുപത്രിയിൽ ചികിത്സ തേടേണ്ടിവരുന്ന വ്യക്തി പ്രസ്തുത കാർഡുമായി വന്നാൽ |

| | | | |
|---|---|---|---|
| | | | ഉടനെതന്നെ ഡോക്ടറെ കാണുന്നതിനുള്ള ഊഴം നിശ്ചയിച്ച് ഒരു ടോക്കൺ നമ്പർ നൽകുന്നു. അതോടെ വ്യക്തിഗത വിവരങ്ങളുമായി ചികിത്സ ബന്ധിപ്പിക്കുന്നതിനു കഴിയുന്നു. ഒരേ പേരിലും, അഡ്രസ്സിലും പ്രായത്തിലും ഉള്ള ഒട്ടനവധി വ്യക്തികൾ സംസ്ഥാനത്ത് പലയിടത്തായി ഉണ്ടാകാമെങ്കിലും ആധാറുമായി ബന്ധിപ്പിച്ച കാർഡ് (UHIDCard) നൽകുന്നതിലൂടെ ചികിത്സ തേടുന്ന വ്യക്തിയെ സംബന്ധിച്ച ആധികാരികത ഉറപ്പാക്കുന്നു. ഡോക്ടറെ കാണുന്നതിനു മുമ്പായി നഴ്സിംഗ് സ്റ്റേഷനിൽ അടിസ്ഥാന രോഗ വിവരങ്ങളും, മുൻ ചികിത്സകളും അലർജിയോ മറ്റോ ഉണ്ടെങ്കിൽ അതും മറ്റു പ്രധാന വിവരങ്ങളും നിലവിലെ രോഗ ലക്ഷണങ്ങളും മുൻകൂട്ടി രേഖപ്പെടുത്തികിട്ടുന്നതിലൂടെ രോഗ നിർണ്ണയവും ചികിത്സയും വേഗത്തിലും കൂടുതൽ കൃത്യതയോടെയും നിർവഹിക്കാൻ ഡോക്ടർമാർക്ക് കഴിയുന്നതാണ്. വിവിധ ലാബ്ടെസ്റ്റ് റിപ്പോർട്ടുകൾ, എക്സ്റേ, ഇ.സി.ജി, സി.ടി.സ്കാൻ, എം.ആർ.ഐ സ്കാൻ എന്നീ റിപ്പോർട്ടുകൾ ഓൺലൈൻ ആയിത്തന്നെ ലഭിക്കുമെന്നതും ഇ-ഹെൽത്തിന്റെ പ്രത്യേകതയാണ്. പ്രായം ചെന്നവർക്കും നിരന്തരം വൈദ്യ പരിശോധനയും മരുന്ന് കഴിക്കലും വേണ്ടിവരുന്നവർക്കും അവരുടെ ചികിത്സാ രേഖകൾ കൊണ്ടുനടക്കാനും സൂക്ഷിച്ചു വെയ്ക്കാനും സാധിക്കാതെ വരുന്നുണ്ട്. ഒരിക്കൽ നൽകിയിട്ടുള്ള വ്യതിരക്ത ഒ.പി നമ്പർ കൊണ്ടുവന്നാൽ മുൻകാല ചികിത്സാ രേഖകൾ ഡോക്ടറുടെ കമ്പ്യൂട്ടറിൽ ലഭ്യമാകുമെന്നതിനാൽ രോഗികൾക്ക് ഇ-ഹെൽത്ത് പദ്ധതി വലിയ അനുഗ്രഹം തന്നെയാണ്. രോഗികൾക്ക് ഡോക്ടറെ കാണുന്നതിനുള്ള തിരക്ക് ഒഴിവാക്കുന്നതിനു ഫലപ്രദമായ ക്യൂ-മാനേജ്മെന്റ് സിസ്റ്റം ഇ-ഹെൽത്ത് പദ്ധതി നടപ്പാക്കിയിട്ടുള്ള എല്ലാ ആശുപത്രികളിലും ലഭ്യമാണ്. ഓൺലൈൻ ഒ.പി. രജിസ്ട്രേഷൻ, ഒ.പി ടോക്കൺ ഡിസ്പ്ലേ, അഡ്വാൻസ് ബുക്കിംഗ് എന്നീ സംവിധാനങ്ങൾ ഇതിനകം ഇ-ഹെൽത്ത് നടപ്പിലാക്കിയിട്ടുള്ള ആശുപത്രികളിൽ |

| | | | |
|---|---|---|---|
| | | | ലഭ്യമാണ്. രജിസ്ട്രേഷൻ കൗണ്ടർ മുതൽ രോഗചികിത്സ വരെയുള്ള എല്ലാ മേഖലകളിലും ചിട്ടയും അച്ചടക്കവും കൂട്ടുതൽ ഫലപ്രദമായതോടെ വിവിധ വിഭാഗം ജീവനക്കാരുടെ ജോലിഭാരം കുറയുകയും രോഗികൾക്ക് അസൗകര്യങ്ങളില്ലാതെ കൃത്യമായി ചികിത്സതേടാൻ കഴിയുന്നുമുണ്ട്. ഭാവിയിൽ ഇ-ഹെൽത്ത് സംവിധാനമുള്ള എല്ലാ ആശുപത്രികളും കടലാസ്സ് രഹിത സേവനപാതയിൽ എത്തിക്കാനുള്ള പരിശ്രമങ്ങളാണ് നടന്നു വരുന്നത്. സംസ്ഥാനത്ത് ഇ-ഹെൽത്ത് പദ്ധതി നടപ്പാക്കിയിട്ടുള്ള 90 ആശുപത്രികളിൽ 35 എണ്ണം കടലാസ്സ രഹിത ആശുപത്രികളാണ്. National Informatics Centre (NIC) രൂപപ്പെടുത്തി ഇന്ത്യയിലെമ്പാടുമായി കേന്ദ്ര സർക്കാർ നടപ്പിലാക്കിയിട്ടുള്ള "e-Hospital" സംവിധാനത്തിൻ കീഴിൽ ആകെ 240 ആശുപത്രികളാണ് ചെറിയ തോതിലെങ്കിലും പ്രവർത്തിക്കുന്നത് എന്നു വരുമ്പോൾ പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ അടിസ്ഥാന രേഖയാക്കി രോഗനിർണയവും ചികിത്സയും പ്രദാനം ചെയ്യുന്ന ലോകത്തിലെ തന്നെ അദ്വിതീയമായ ഇ-ഹെൽത്ത് പദ്ധതിയുടെ പ്രവർത്തനം ശ്ലാഘനീയ പുരോഗതി കൈവരിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത സംവിധാനം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നതിന് അനുയോജ്യമായ കെട്ടിടം ആവശ്യമാണ്. ഇ-ഹെൽത്ത് പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ യു.പി.എസ് വയറിംഗ്, കേബിൾ നെറ്റ് വർക്കിംഗ് സ്ഥാപിക്കുന്നതിനും അവയെ ബ്രോഡ്ബാൻഡ് മുഖേന സംസ്ഥാന ഡാറ്റാ സെന്ററുമായി ബന്ധപ്പെടുത്തി കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങി സ്ഥാപിച്ച് അഞ്ചു വർഷത്തേയ്ക്കുള്ള വാർഷിക പരിചരണ കരാറും (AMC) ഏർപ്പെടുത്തി പ്രവർത്തന സജ്ജമാക്കുന്നതിനും, ഓരോ ആശുപത്രികളിലെയും എല്ലാ വിഭാഗം ജീവനക്കാർക്കും ഡോക്ടർമാർക്കും ഇ-ഹെൽത്ത് സോഫ്റ്റ് വെയർ ഉപയോഗിക്കുന്നതിൽ പരിശീലനം നൽകി, |

| | | | |
|---|---|---|---|
| | | | സാങ്കേതിക സഹായത്തിനു വിദഗ്ധരുടെ സേവനവും കൂടി ഉറപ്പാക്കുന്നതിനും ഭാരിച്ച സാമ്പത്തിക ചെലവ് വേണ്ടിവരും. ആയതിനാൽ തെരഞ്ഞെടുക്കപ്പെട്ട ഇ-ഹെൽത്ത് ജില്ലകൾക്ക് പുറമേ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും ആർദ്രം പദ്ധതിയുടെ ഭാഗമായി വികസന പ്രവർത്തനങ്ങൾ നടന്നു വരുന്ന ആശുപത്രികളിലും മുൻഗണനാ ക്രമത്തിൽ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**

Annexure – I

| eHealth Implemented Institutions | | | | |
|---|---|---|---|---|
| Sl No | Type | Institution | District | scheme |
| 1 | CHC | Manamboor | Thiruvananthapuram | Pilot |
| 2 | CHC | Vellanadu | Thiruvananthapuram | Pilot |
| 3 | Gen H | Thiruvananthapuram | Thiruvananthapuram | Pilot |
| 4 | PHC | Cheruniyur | Thiruvananthapuram | Pilot |
| 5 | PHC | Uzhamalakkal | Thiruvananthapuram | Pilot |
| 6 | PHC | Vell | Thiruvananthapuram | Pilot |
| 7 | Speciality(TB) | CDH Pulayanarkotta | Thiruvananthapuram | Pilot |
| 8 | Specialty (W&C) | Thycaud | Thiruvananthapuram | Pilot |
| 9 | TH | Fort,Tvm | Thiruvananthapuram | Pilot |
| 10 | THQH | Chirayinkil, Tvm | Thiruvananthapuram | Pilot |
| 11 | DMH | Peroorkada,TVM | Thiruvananthapuram | Pilot |
| 12 | PH Lab | Public Health Lab | Thiruvananthapuram | Pilot |
| 13 | MCH | TRIVANDRUM | Thiruvananthapuram | Pilot |
| 14 | 24X7 PHC | Vamanapuram | Thiruvananthapuram | 79 FHC |
| 15 | 24X7 PHC | Vattiyoorkavu | Thiruvananthapuram | 79 FHC |
| 16 | GD | Jagathy Dispensary | Thiruvananthapuram | 79 FHC |
| 17 | PHC | Aruvikkara | Thiruvananthapuram | 79 FHC |
| 18 | PHC | Balaramapuram | Thiruvananthapuram | 79 FHC |
| 19 | PHC | Chemmaruthy | Thiruvananthapuram | 79 FHC |
| 20 | PHC | Kadakampally | Thiruvananthapuram | 79 FHC |
| 21 | PHC | Karakulam | Thiruvananthapuram | 79 FHC |
| 22 | PHC | Amachal | Thiruvananthapuram | 79 FHC |
| 23 | PHC | Keezhattingal | Thiruvananthapuram | 79 FHC |
| 24 | PHC | Kilimanoor | Thiruvananthapuram | 79 FHC |
| 25 | PHC | Kottukal | Thiruvananthapuram | 79 FHC |
| 26 | PHC | Kuttichal | Thiruvananthapuram | 79 FHC |
| 27 | PHC | Pallichal | Thiruvananthapuram | 79 FHC |
| 28 | PHC | Paraneeyam | Thiruvananthapuram | 79 FHC |
| 29 | PHC | Poozhanadu | Thiruvananthapuram | 79 FHC |
| 30 | PHC | Thonnakal | Thiruvananthapuram | 79 FHC |
| 31 | 24X7 PHC | Aroor | Alappuzha | 79 FHC |
| 32 | 24X7 PHC | Kalavoor | Alappuzha | 79 FHC |
| 33 | 24X7 PHC | Kandallur | Alappuzha | 79 FHC |
| 34 | 24X7 PHC | Pallippuram | Alappuzha | 79 FHC |
| 35 | 24X7 PHC | Vettakkal | Alappuzha | 79 FHC |
| 36 | PHC | Kanjikuzhi | Alappuzha | 79 FHC |
| 37 | PHC | Palamel | Alappuzha | 79 FHC |
| 38 | 24X7 PHC | Kanchiyar | Idukki | 79 FHC |
| 39 | 24X7 PHC | Vattavada | Idukki | 79 FHC |
| 40 | CHC | Elamdesam | Idukki | 79 FHC |
| 41 | PHC | Karimkunnam | Idukki | 79 FHC |
| 42 | PHC | Konnathady | Idukki | 79 FHC |
| 43 | PHC | Peruvanthanam | Idukki | 79 FHC |

| | | | | |
|---|---|---|---|---|
| [illegible] | PHC | Mariyapuram | Idukki | 79 FHC |
| [illegible] | 24X7 PHC | Cheranallure | Ernakulam | 79 FHC |
| [illegible] | 24X7 PHC | Chowara | Ernakulam | 79 FHC |
| [illegible] | 24X7 PHC | Eroor | Ernakulam | 79 FHC |
| 48 | 24X7 PHC | Kodanadu | Ernakulam | 79 FHC |
| 49 | 24X7 PHC | Kuttampuzha | Ernakulam | 79 FHC |
| 50 | 24X7 PHC | Mazhuvannoor | Ernakulam | 79 FHC |
| 51 | 24X7 PHC | Vazhakulam | Ernakulam | 79 FHC |
| 52 | PHC | GOTHURUTHU | Ernakulam | 79 FHC |
| 53 | PHC | Manjapra | Ernakulam | 79 FHC |
| 54 | PHC | Paipra | Ernakulam | 79 FHC |
| 55 | PHC | Thirumaradi | Ernakulam | 79 FHC |
| 56 | PHC | Karumaloor | Ernakulam | 79 FHC |
| 57 | 24X7 PHC | Pandikkad | Malappuram | 79 FHC |
| 58 | 24X7 PHC | Pang | Malappuram | 79 FHC |
| 59 | 24X7 PHC | Thazhekkode | Malappuram | 79 FHC |
| 60 | 24X7 PHC | Thirunavaya | Malappuram | 79 FHC |
| 61 | 24X7 PHC | Vazhikkadavu | Malappuram | 79 FHC |
| 62 | PHC | A.R Nagar (Kunnumpuram) | Malappuram | 79 FHC |
| 63 | PHC | Kuzhimanna | Malappuram | 79 FHC |
| 64 | PHC | Parappanangadi | Malappuram | 79 FHC |
| 65 | PHC | Ponmala | Malappuram | 79 FHC |
| 66 | 24X7 PHC | Cheruthazham (Pilathara) | Kannur | 79 FHC |
| 67 | 24X7 PHC | Kottiyoor | Kannur | 79 FHC |
| 68 | 24X7 PHC | Valappattanam | Kannur | 79 FHC |
| 69 | PHC | Alacode (Therthally) | Kannur | 79 FHC |
| 70 | PHC | Kankol Alapadamba | Kannur | 79 FHC |
| 71 | PHC | Kathiroor | Kannur | 79 FHC |
| 72 | PHC | Malappattam | Kannur | 79 FHC |
| 73 | PHC | Munderi | Kannur | 79 FHC |
| 74 | 24X7 PHC | Kayyur | Kasaragod | 79 FHC |
| 75 | PHC | Karinthalam | Kasaragod | 79 FHC |
| 76 | PHC | Mogral Puthur | Kasaragod | 79 FHC |
| 77 | PHC | Mulleria | Kasaragod | 79 FHC |
| 78 | PHC | Ennappara | Kasaragod | 79 FHC |
| 79 | PHC | Uduma | Kasaragod | 79 FHC |
| 80 | PHC | Veloor | Thrissur | 90 FHC |
| 81 | PHC | Noolpuzha | Wayanad | 90 FHC |
| 82 | PHC | Amboori | Thiruvananthapuram | TVM Rollout |
| 83 | CHC | Venpakal | Thiruvananthapuram | TVM Rollout |
| 84 | 24X7 PHC | Kunnathukal | Thiruvananthapuram | TVM Rollout |
| 85 | PHC | Manikal | Thiruvananthapuram | TVM Rollout |
| 86 | Speciality | Valiyathura | Thiruvananthapuram | TVM Rollout |
| 87 | MCH | Paripally | Kollam | MCH Rollout |
| 88 | MCH | Kottayam | Kottayam | MCH Rollout |
| 89 | Cancer Centre | Ernakulam | Ernakulam | |
| 90 | GH | Ernakulam | Ernakulam | |

ശരിപ്പകർപ്പ്

Annexure - 2

| Paperless Institutions | | | | |
|---|---|---|---|---|
| 1 | CHC | Manamboor | Thiruvananthapuram | Pilot |
| 2 | CHC | Vellanadu | Thiruvananthapuram | Pilot |
| 3 | PHC | Cheruniyur | Thiruvananthapuram | Pilot |
| 4 | PHC | Veli | Thiruvananthapuram | Pilot |
| 5 | PH Lab | Public Health Lab | Thiruvananthapuram | Pilot |
| 6 | 24X7 PHC | Vamanapuram | Thiruvananthapuram | 79 FHC |
| 7 | 24X7 PHC | Vattiyoorkavu | Thiruvananthapuram | 79 FHC |
| 8 | GD | DISPENSARY | Thiruvananthapuram | 79 FHC |
| 9 | PHC | Aruvikkara | Thiruvananthapuram | 79 FHC |
| 10 | PHC | Balaramapuram | Thiruvananthapuram | 79 FHC |
| 11 | PHC | Chemmaruthy | Thiruvananthapuram | 79 FHC |
| 12 | PHC | Kadakampally | Thiruvananthapuram | 79 FHC |
| 13 | PHC | Karakulam | Thiruvananthapuram | 79 FHC |
| 14 | PHC | Amachal | Thiruvananthapuram | 79 FHC |
| 15 | PHC | Keezhattingal | Thiruvananthapuram | 79 FHC |
| 16 | PHC | Kilimanoor | Thiruvananthapuram | 79 FHC |
| 17 | PHC | Kottukal | Thiruvananthapuram | 79 FHC |
| 18 | PHC | Kuttichal | Thiruvananthapuram | 79 FHC |
| 19 | PHC | Pallichal | Thiruvananthapuram | 79 FHC |
| 20 | PHC | Paraneeyam | Thiruvananthapuram | 79 FHC |
| 21 | PHC | Poozhanadu | Thiruvananthapuram | 79 FHC |
| 22 | PHC | Thonnakal | Thiruvananthapuram | 79 FHC |

സെക്ഷൻ ഓഫീസർ

അനുബന്ധം 3

TRIVANDRUM ROLL OUT - WORK COMPLETED

| Sl. No. | Site Name | Status |
|---|---|---|
| 1 | Puthukurichi | Completed |
| 2 | Kunnathukal | Completed |
| 3 | Azhoor | Completed |
| 4 | Manikal | Completed |
| 5 | Vembayam | Completed |
| 6 | Mukkola | Completed |
| 7 | Iranimuttam | Completed |
| 8 | Puthanthoppu | Completed |
| 9 | Mannathala | Completed |
| 10 | Vellayani | Completed |
| 11 | Andoorkonam | Completed |
| 12 | Venpakal | Completed |
| 13 | DTBC TVM | Completed |
| 14 | Poonthura | Completed |
| 15 | Kollayil | Completed |
| 16 | Aryanad | Completed |
| 17 | Edava | Completed |
| 18 | Anad | Completed |
| 19 | Valiyathura | Completed |
| 20 | Poovar | Completed |
| 21 | Bharathannoor | Completed |
| 22 | Amboori | Completed |
| 23 | Kannyakulangara | Completed |
| 24 | Thonipara | Completed |
| 25 | Anjuthengu | Completed |
| 26 | Nemom | Completed |

സെക്ഷൻ ഓഫീസർ

അനുബന്ധം 4

Annexure 4

| Sl.No | District | Cancelled FHC | New FHC |
|---|---|---|---|
| 1 | Alapuzha | FHC Aaratupuzha | FHC Veeyapuram |
| 2 | Alapuzha | FHC Thalavady | FHC Purakkad |
| 3 | Alapuzha | FHC Neelamperoor | FHC Panavally |
| 4 | Kasargod | FHC Vorkady | FHC Chattanchal |
| 5 | Ernakulam | FHC Thirkkakara | FHC Kottapady |
| 6 | Pathanamthitta | FHC Niram | FHC Naranammoozhy |
| 7 | Kollam | FHC Chadayamangalam | FHC Thekkum Bhagom |
| 8 | Kozhikode | PHC Kakkodi | FHC Challiyum. |
| 9 | Kozhikode | PHC Nochad | FHC Meppayur |
| 10 | Kozhikode | PHC Omassery | FHC Panangad |
| 11 | Kozhikode | PHC Kayakodi | FHC Moodadi |
| 12 | Kozhikode | FHC Edassseri | FHC Maruthonkara |
| 13 | Kottayam | FHC Kooropada | FHC Paippad |
| 14 | Kottayam | FHC Manimala | FHC Maravanthuruthu |
| 15 | Kottayam | FHC Thiruvarppu | FHC Udayanapuram |
| 16 | Palakkad | FHC Kummaranputhur | FHC Anakkatty |
| 17 | Palakkad | FHC Ongallur | FHC Pallassana |
| 18 | Thrissur | FHC Puthur | FHC Ayyanthole |

[signature]
സെക്ഷൻ ഓഫീസർ

അനുബന്ധം 5

Annexure 5

| Sl No | Type | Place | District |
|---|---|---|---|
| 1 | PHC | Chennithala | Alappuzha |
| 2 | PHC | Cheruthana | Alappuzha |
| 3 | PHC | Panavally | Alappuzha |
| 4 | PHC | Punnapra North | Alappuzha |
| 5 | PHC | Purakkad | Alappuzha |
| 6 | PHC | Veeyapuram | Alappuzha |
| 7 | PHC | Udumbanchola | Idukki |
| 8 | PHC | Chellanam | Ernakualm |
| 9 | PHC | Kottapady | Ernakualm |
| 10 | PHC | Alancode | Malappuram |
| 11 | PHC | Ozhoor | Malappuram |
| 12 | PHC | Vattamkulam | Malappuram |
| 13 | 24X7 PHC | Patyam Cheruvanchery (Patium) | Kannur |
| 14 | PHC | Chattanchal | Kasaragod |
| 15 | 24X7 PHC | Perumon | Kollam |
| 16 | PHC | Chavara | Kollam |
| 17 | CHC | Thekkumbhagom | Kollam |
| 18 | PHC | Chathanoor | Kollam |
| 19 | PHC | K.S.Puram | Kollam |
| 20 | PHC | Kottamkara (Elampallur) | Kollam |
| 21 | PHC | S.N.Puram | Kollam |
| 22 | PHC | Thenmala | Kollam |
| 23 | PHC | Ummannoor | Kollam |
| 24 | PHC | Veliyam | Kollam |
| 25 | PHC | Vilakudy | Kollam |
| 26 | 24X7 PHC | Chenneerkara | Pathanamthitta |
| 27 | 24X7 PHC | Pandalam | Pathanamthitta |
| 28 | 24X7 PHC | Thannithodu | Pathanamthitta |
| 29 | PHC | Kottangal | Pathanamthitta |
| 30 | PHC | Naranamoozhy | Pathanamthitta |
| 31 | PHC | Othera | Pathanamthitta |
| 32 | PHC | Pandalam Thekkekara | Pathanamthitta |
| 33 | PHC | Vadasserrykkara | Pathanamthitta |
| 34 | 24X7 PHC | Brahmamangalam | Kottayam |
| 35 | 24X7 PHC | Erattupetta | Kottayam |
| 36 | 24X7 PHC | Madapally | Kottayam |
| 37 | PHC | Kuruppanthara | Kottayam |
| 38 | PHC | Maravanthuruth | Kottayam |
| 39 | PHC | Meenachal | Kottayam |
| 40 | PHC | Paippad | Kottayam |
| 41 | PHC | Panachikkadu | Kottayam |
| 42 | PHC | Udayanapuram | Kottayam |

| | | | |
|---|---|---|---|
| 43 | PHC | Vazhoor | Kottayam |
| 44 | PHC | Veliyannoor | Kottayam |
| 45. | 24X7 PHC | Deshamangalam | Thrissur |
| 46 | PHC | Elanadu | Thrissur |
| 47 | PHC | Karalam | Thrissur |
| 48 | PHC | Koolimuttam | Thrissur |
| 49 | PHC | Manaloor | Thrissur |
| 50 | PHC | Mundoor | Thrissur |
| 51 | PHC | Nenmanikkara | Thrissur |
| 52 | PHC | Paralam | Thrissur |
| 53 | PHC | Pariyaram | Thrissur |
| 54 | PHC | Poomangalam | Thrissur |
| 55 | PHC | Poyya | Thrissur |
| 56 | PHC | Punnayur | Thrissur |
| 57 | PHC | Thalikkulam | Thrissur |
| 58 | PHC | Thekkumkara | Thrissur |
| 59 | PHC | Veloor | Thrissur |
| 60 | PHC | Venkitengu (Padur) | Thrissur |
| 61 | PHC | Vilvattom | Thrissur |
| 62 | 24X7 PHC | Kollamkode | Palakkad |
| 63 | 24X7 PHC | Pudur | Palakkad |
| 64 | 24X7 PHC | Sreekrishnapuram | Palakkad |
| 65 | PHC | Adakkaputhur | Palakkad |
| 66 | PHC | Anakatty | Palakkad |
| 67 | PHC | Kalladikode | Palakkad |
| 68 | PHC | Kizhakkancherry | Palakkad |
| 69 | PHC | Kumaranellur | Palakkad |
| 70 | PHC | Kuthannur | Palakkad |
| 71 | PHC | Mankara | Palakkad |
| 72 | PHC | Mathur | Palakkad |
| 73 | PHC | Nellaya | Palakkad |
| 74 | PHC | Ozhalapathi | Palakkad |
| 75 | PHC | Pallassena | Palakkad |
| 76 | PHC | Pudupariyaram | Palakkad |
| 77 | PHC | Vandazhi | Palakkad |
| 78 | 24X7 PHC | Appapara | Wayanad |
| 79 | 24X7 PHC | Noolpuzha | Wayanad |
| 80 | 24X7 PHC | Poothady | Wayanad |
| 81 | PHC | Vengapally | Wayanad |
| 82 | 24X7 PHC | Kunnamangalem | Kozhikode |
| 83 | 24X7 PHC | Meppayoor | Kozhikode |
| 84. | 24X7 PHC | Puthupady | Kozhikode |
| 85 | 24X7 PHC | Ramanattukara | Kozhikode |
| 86 | PHC | Arikulam | Kozhikode |

| | | | |
|---|---|---|---|
| 87 | PHC | Avanchery | Kozhikode |
| 88 | PHC | Chaliyam | Kozhikode |
| 89 | PHC | Koattakkal Iringal | Kozhikode |
| 90 | PHC | Maruthankara | Kozhikode |
| 91 | PHC | Moodadi | Kozhikode |
| 92 | PHC | Panangad | Kozhikode |
| 93 | PHC | Vadakara | Kozhikode |
| 94 | PHC | Ayyanthole | Thrissur |
| 95 | 24X7 PHC | Kunnathukal | Thiruvananthapuram |
| 96 | CHC | Anchuthengu | Thiruvananthapuram |
| 97 | CHC | Aryanad | Thiruvananthapuram |
| 98 | CHC | Iranimuttom | Thiruvananthapuram |
| 99 | CHC | Kanyakulangara | Thiruvananthapuram |
| 100 | CHC | Pallickal | Thiruvananthapuram |
| 101 | CHC | Poonthura | Thiruvananthapuram |
| 102 | CHC | Poovar | Thiruvananthapuram |
| 103 | CHC | Puthenthopu | Thiruvananthapuram |
| 104 | CHC | Venpakal | Thiruvananthapuram |
| 105 | DTBC | District TB Centre | Thiruvananthapuram |
| 106 | PHC | Amboori | Thiruvananthapuram |
| 107 | PHC | Anad | Thiruvananthapuram |
| 108 | PHC | Andoorkonam | Thiruvananthapuram |
| 109 | PHC | Azhoor | Thiruvananthapuram |
| 110 | PHC | Bharathannur | Thiruvananthapuram |
| 111 | PHC | Edava | Thiruvananthapuram |
| 112 | PHC | Kollayil | Thiruvananthapuram |
| 113 | PHC | Manikal | Thiruvananthapuram |
| 114 | PHC | Mukkola (Vizhinjam New) | Thiruvananthapuram |
| 115 | PHC | Puthukurichi | Thiruvananthapuram |
| 116 | PHC | Thonippara | Thiruvananthapuram |
| 117 | PHC | Vellayani | Thiruvananthapuram |
| 118 | PHC | Vembayam | Thiruvananthapuram |
| 119 | Specialaity (Fish) | Fisheries Hospital Valiyathura | Thiruvananthapuram |
| 120 | TH | Nemom,Tvm | Thiruvananthapuram |
| 121 | DH | Nedumangad | Thiruvananthapuram |
| 122 | MCH | Alappuzha | Alappuzha |
| 123 | MCH | Ernakulam | Ernakualm |
| 124 | MCH | Kollam, Paripally | Kollam |
| 125 | MCH | Kottayam | Kottayam |
| 126 | MCH | Kozhikode | Kozhikode |
| 127 | MCH | Manjeri | Malappuram |
| 128 | MCH | Thrissur | Thrissur |

File No.8/HG 0/20 19-OA

അനുബന്ധം 6.

PROCEEDINGS OF THE PROJECT DIRECTOR e-HEALTH KERALA

Thiruvananthapuram

Present: Dr. Rajan.N.Khobragade.IAS

Sub:- e-Health Kerala-MCH Kanur eHealth Impiementation-Supply of Hardware items, supply & Installation of local Area Networking & UPS wiring -Administrative Order accorded-Orders Issued.

Read:-ITBG/HS/RG/19-20/705 &706, dated 8/11/2019

Order No-eHK/90/2019-OA, dated 17/12/2019

As part of implementing eHealth at MCH Kannur it has been decided to carry out the Networking and UPS cabling and supply of Hardware. For which M/s KELTRON the TSP vide paper read as 1st paper above has submitted the estimate for the network and cabling works at Kannur MCH and Dental college at a total cost of Rs.7,09,22,393/- as detailed below:-

| Sl No | Description | Total amount including TSP & Tax (Rs) |
|---|---|---|
| 1 | Networking Na UPS cabling | 3,55,53,941 |
| 2 | Supply of Hardware | 3,53,68,452 |
| 3 | Total Amount | 709,22,393 |

In this circumstances, Administrative Sanction is hereby accorded for Networking and UPS cabling and supply of Hardware and installation in the MCH Kannur at an estimated cost of Rs.7,09,22,393/-(Rupees Seven crore nine lakhs twenty two thousand three hundred and ninety three only) which is including GST, flood cess and TSP Charges. Subject to the specific conditions that the LAN cabling (Networking) and UPS wiring shall be carried out with initially and the procurement of hardware shall be limited to the OPD wing; and the remaining hardware shall be procured for total roll out based on the readiness of the application in IP modules.

Payment will be made to KELTRON as per the terms and conditions of the approved MoA. The Additional Director e Health shall issue Work Orders separately for this purpose.

The expenditure in this regard will be met from the fund allotted for e-health activities in the six Medical College Hospitals and expected allocation of 7.86 Crore from DME.

Dr. Rajan.N.Khobragade.IAS
Project Director

ശരിപ്പകർപ്പ്